## പ്രധാനവാർത്തകൾ

1) ഓപ്പറേഷൻ സിന്ദൂറിലൂടെ രാജ്യത്തിന്റെ അഭിമാനം പുതിയ ഉയരങ്ങളിൽ എത്തിക്കാൻ ഇന്ത്യൻ സായുധസേനയ്ക്ക് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ആദംപൂർ വ്യോമത്താവളത്തിൽ പ്രധാനമന്ത്രി സേനാംഗങ്ങളെ അഭിസംബോധന ചെയ്തു.

2) ജമ്മുകശ്മീർ വിഷയത്തിൽ മൂന്നാം കക്ഷി ഇടപെടൽ അനുവദിക്കില്ലെന്ന് കേന്ദ്രസർക്കാർ. ഉഭയകക്ഷി ചർച്ചയിലൂടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന നിലപാടിൽ മാറ്റമില്ലെന്നും വിദേശകാര്യമന്ത്രാലയം.

3) CBSE 10,12 ക്ലാസ്സ് പരീക്ഷാഫലങ്ങൾ പ്രഖ്യാപിച്ചു. സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ നാളെ മുതൽ സ്വീകരിച്ചു തുടങ്ങും.

4) നന്തൻകോട് കൂട്ടക്കൊല കേസിൽ പ്രതി കേഡൽ ജിൻസൺ രാജയ്ക്ക് ജീവപര്യന്തം തടവ്.

5) ഇടവമാസ പൂജയ്ക്കായി ശബരിമല ക്ഷേത്രനട നാളെ തുറക്കും

6) ആൻഡമാൻ നിക്കോബാർ ദ്വീപിൻറെ ചില മേഖലകളിൽ കാലവർഷം ഇന്നെത്തി. കേരളത്തിൽ പരക്കെ മഴയ്ക്ക് സാധ്യത.

************************

PNU TVPM

## പ്രധാനമന്ത്രി - ആദംപൂർ - ഇൻട്രോ

ഭീകരർക്ക് സമാധാനമായി കഴിയാനാവുന്ന ഒരിടം പോലും പാകിസ്ഥാനിൽ അവശേഷിക്കുന്നില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പഞ്ചാബിലെ ആദംപൂർ വ്യോമത്താവളത്തിൽ സേനാംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ സിന്ദൂറിലൂടെ, പാകിസ്ഥാനിലെ 9 ഭീകരത്താവളങ്ങൾ തകർത്ത് 100-ഓളം ഭീകരരെയാണ് ഇന്ത്യ വധിച്ചത്. നിരപരാധികളായ ജനങ്ങളുടെ രക്തം ചൊരിയുന്നതിന്റെ പരിണിതഫലം ഭീകരതയെ പിന്തുണയ്ക്കുന്നവർ തിരിച്ചറിഞ്ഞതായും അദ്ദേഹം പറഞ്ഞു.

(വോയിസ്....)

ഓപ്പറേഷൻ സിന്ദൂറിലൂടെ രാജ്യത്തെ സംരക്ഷിച്ച സായുധ സേനയുടെ ധീരതയെ പ്രധാനമന്ത്രി പ്രശംസിച്ചു. രാജ്യത്തിന്റെ അഭിമാനം പുതിയ ഉയരങ്ങളിൽ എത്തിക്കാൻ സേനാവിഭാഗങ്ങൾക്ക് സാധിച്ചതായും അദ്ദേഹം പറഞ്ഞു. പാകിസ്ഥാന്റെ അഭ്യർത്ഥന പ്രകാരമാണ് ഈ സൈനിക നടപടി ഇന്ത്യ താത്കാലികമായി നിർത്തിവെച്ചത്. എന്നാൽ പാക് പ്രകോപനം വീണ്ടുമുണ്ടായാൽ ഉചിതമായ മറുപടി നൽകുമെന്നും ശ്രീ മോദി വ്യക്തമാക്കി.

(വോയിസ്....)

ഇന്ന് രാവിലെ ആദംപൂർ വ്യോമത്താവളത്തിൽ എത്തിയ പ്രധാനമന്ത്രി സേനാംഗങ്ങളോടൊപ്പമുള്ള ചിത്രങ്ങളും സമൂഹമാധ്യമത്തിൽ പങ്കുവെച്ചു. ഇന്ത്യ - പാകിസ്ഥാൻ വെടിനിർത്തലിന് ശേഷം ഇതാദ്യമായാണ് പ്രധാനമന്ത്രി വ്യോമത്താവളം സന്ദർശിക്കുന്നത്.

***********************

RHU TVPM

## <u>വിദേശകാര്യമന്ത്രാലയം - ഇൻട്രോ</u>

ജമ്മുകശ്മീർ വിഷയത്തിൽ മൂന്നാം കക്ഷി ഇടപെടൽ അനുവദിക്കില്ലെന്ന് കേന്ദ്രസർക്കാർ. ജമ്മു കശ്മീരുമായി ബന്ധപ്പെട്ട ഏതൊരു പ്രശ്നവും ഇന്ത്യയും പാകിസ്ഥാനും ഉഭയകക്ഷി ചർച്ചയിലൂടെ പരിഹരിക്കണമെന്ന ഇന്ത്യൻ നിലപാടിൽ മാറ്റമില്ലെന്നും വിദേശകാര്യവക്താവ് രൺധീർ ജയ്സ്വാൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ്)

ഓപറേഷൻ സിന്ദൂർ ആരംഭിച്ചതുമുതൽ സൈനിക നടപടി അവസാനിപ്പിക്കുന്നതിനെക്കുറിച്ചുള്ള ധാരണയിലെത്തുന്നതുവരെ ഇന്ത്യ, യുഎസുമായി ബന്ധപ്പെട്ടിരുന്നെങ്കിലും വ്യാപാര വിഷയം സംബന്ധിച്ച് ചർച്ച ഉണ്ടായിട്ടില്ലെന്ന് അദ്ദേഹം വ്യക്തമാക്കി.

************************

## <u>അറ്റാഷെ</u>

ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തെക്കുറിച്ച് എഴുപത് രാജ്യങ്ങളിൽ നിന്നുള്ള വിദേശ കാര്യ അറ്റാഷെമാരോട് വിശദീകരിച്ച് ഡിഫൻസ് ഇൻറലിജൻസ് ഏജൻസി മേധാവി ഡിഎസ് റാണ. നവതലമുറ യുദ്ധരീതികളിൽ ഇന്ത്യൻ സേനയ്ക്കുള്ള മേധാവിത്വം വ്യക്തമാക്കുന്ന തരം നീക്കങ്ങളാണ് രാജ്യം നടത്തിയതെന്നും അദ്ദേഹം പറഞ്ഞു. ഭീകരവാദികളെ ലക്ഷ്യമിട്ടുള്ള സൈനിക നീക്കത്തിനായി വിദഗ്ധമായ ആസൂത്രണമാണ് നടന്നത്. ഇന്ത്യൻ സായുധസേനയുടെ കൃത്യവും, സംയോജിതവുമായ നീക്കങ്ങളാണ് ലക്ഷ്യത്തിലേക്ക് നയിച്ചതെന്നും അദ്ദേഹം പറഞ്ഞു

************************

## <u>രാജ്നാഥ് സിങ്</u>

രാജ്യത്തെ സുരക്ഷാ സ്ഥിതികൾ വിലയിരുത്താൻ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേർന്നു. സംയുക്ത സേന

RNU TVPM

മേധാവി, പ്രതിരോധ സെക്രട്ടറി, കര - നാവിക സേനകളുടെ മേധാവികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

************************

## തിരംഗാ യാത്രം

ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യൻ സായുധസേന നേടിയ വിജയം ആഘോഷിക്കുന്നതിനായി സംഘടിപ്പിക്കുന്ന 11 ദിവത്തെ തിരംഗ യാത്രയ്ക്ക് രാജ്യത്ത് തുടക്കമായി . ഈ മാസം 23 വരെ നീളുന്ന പ്രചാരണ യാത്രയിൽ വിരമിച്ച സൈനികർ, സാമൂഹ്യ പ്രവർത്തകർ, സംഘടനാ പ്രതിനിധികൾ, തുടങ്ങി നിരവധി പേർ പങ്കെടുക്കും. ഡൽഹിയിലെ ഇന്ത്യാ ഗേറ്റിൽ സിറ്റിസൺ ഫോർ നാഷണൽ സെക്യൂരിറ്റി സംഘടിപ്പിച്ച തിരംഗാ യാത്രയിൽ മുഖ്യമന്ത്രി രേഖാ ഗുപ്ത പങ്കെടുത്തു.

തിരുവനന്തപുരത്ത് നാളെ വൈകുന്നേരം ത്രിവർണ സ്വാഭിമാന യാത്ര നടക്കും. വൈകുന്നേരം അഞ്ച് മണിക്ക് മ്യൂസിയം ജംങ്ഷനിൽ നിന്നാരംഭിക്കുന്ന തിരംഗാ യാത്രയിൽ വിമുക്ത ഭടന്മാരും ദേശസ്നേഹികളും അണിചേരും. ത്രിവർണ പതാകയുമേന്തി നടത്തുന്ന പദയാത്ര പാളയം രക്തസാക്ഷി മണ്ഡപത്തിൽ സമാപിക്കും.

RNU TVPM

************************

## ഷോപിയാൻ ഏറ്റുമുട്ടൽ

ജമ്മുകശ്മീരിലെ ഷോപ്പിയാൻ ജില്ലയിൽ വനമേഖലയിൽ ഉണ്ടായ ഏറ്റുമുട്ടലിൽ സുരക്ഷാസേന മൂന്ന് ഭീകരരെ വധിച്ചു. ലഷ്കർ - ഇ-തോയിബ, ടി ആർ എഫ് അംഗങ്ങളായ ഭീകരരാണ് വധിക്കപ്പെട്ടതെന്നാണ് പ്രാഥമിക നിഗമനം. സുക്രു കെല്ലർ വനമേഖലയിൽ ഭീകരരുണ്ടെന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കരസേനയും, പോലീസും, സി ആർ പി എഫും നടത്തിയ സംയുക്ത നീക്കത്തിനിടെയാണ് വെടിവെയ്പ്പുണ്ടായത്.

************************

## <u>പ്രതിരോധ ബജറ്റ്</u>

നടപ്പുസാമ്പത്തിക വർഷത്തിൽ രാജ്യത്തിന്റെ പ്രതിരോധ ബജറ്റ് 6.81 ലക്ഷം കോടി രൂപയായി വർദ്ധിച്ചതായി കേന്ദ്രസർക്കാർ. 2013-14 കാലയളവിൽ ഇത് 2.53 ലക്ഷം കോടി രൂപയായിരുന്നു . തന്ത്രപരമായ പരിഷ്കാരങ്ങൾ, സ്വകാര്യ മേഖലയുടെ പങ്കാളിത്തം, നവീകരണം എന്നിവ ആഗോളതലത്തിലെ  വിശ്വസനീയ പ്രതിരോധ കയറ്റുമതി രാജ്യമാക്കി ഇന്ത്യയെ മാറ്റിയതായും പ്രതിരോധ മന്ത്രാലയം വ്യക്തമാക്കി.

************************

## <u>സി ബി എസ് ഇ ഫലം</u>

CBSE 10,12  ക്ലാസ്സ് പരീക്ഷാഫലങ്ങൾ പ്രഖ്യാപിച്ചു. പന്ത്രണ്ടാം ക്ലാസ്സിൽ 88.39 ഉം, പത്താംക്ലാസ്സിൽ 93.66 ഉം ആണ് വിജയ ശതമാനം. രണ്ട് പരീക്ഷകളിലും പെൺകുട്ടികളാണ് മികച്ച പ്രകടനം കാഴ്ചവച്ചത്.  തിരുവനന്തപുരം, വിജയവാഡ മേഖലകളാണ് പരീക്ഷാ മികവിൽ ഏറ്റവും മുന്നിൽ. രണ്ട് പരീക്ഷകളിലും വിജയശതമാനം മുൻവർഷത്തേക്കാൾ വർദ്ധിച്ചിട്ടുണ്ട്.  പരീക്ഷാ ഫലം CBSE യുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

RNU TVPM

************************

## <u>പ്ലസ് വൺ പ്രവേശനം</u>

സംസ്ഥാനത്ത് പ്ലസ് വൺ  പ്രവേശനത്തിനുള്ള അപേക്ഷകൾ നാളെ മുതൽ സമർപ്പിക്കാം.  പൂർണമായും ഓൺലൈനാണ് പ്രവേശന നടപടികൾ. ഈമാസം  20 വരെയാണ് അപേക്ഷ നൽകാൻ അവസരം.  24 ന് ട്രയൽ അലോട്ട്മെൻറ് നടക്കും. ജൂൺ 2, 10, 16 തീയതികളിലായാണ് ഒന്നു മുതൽ മൂന്ന് വരെ ഘട്ടങ്ങളിലെ അലോട്ട്മെൻറ്.  ജൂൺ പതിനെട്ടിന് ക്ലാസുകൾ ആരംഭിക്കും.

************************

## കേഡൽ -കൊലപാതകം

നന്തൻകോട് കൂട്ടക്കൊല കേസിൽ പ്രതി കേഡൽ ജിൻസൺ രാജയ്ക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിച്ച് തിരുവനന്തപുരം സെഷൻസ് കോടതി. 15 ലക്ഷംരൂപ പിഴയും പ്രതി നൽകണം. കൊലക്കുറ്റം, തെളിവ് നശിപ്പിക്കൽ ഉൾപ്പെടെയുള്ള കുറ്റങ്ങൾ തെളിഞ്ഞതായി കോടതി വ്യക്തമാക്കി. 2017 ഏപ്രിലിലാണ് മാതാപിതാക്കളും സഹോദരിയുമടക്കം കുടുംബാംഗങ്ങളായ നാലുപേരെയാണ് കേഡൽ കൂട്ടക്കൊലചെയ്യ്തത്. പ്രതിക്ക് വധശിക്ഷ നൽകണമെന്നായിരുന്നു പ്രോസിക്യൂഷൻ ആവശ്യം. ജീവപര്യന്തം തടവിന് പുറമേ, വീട് കത്തിച്ചതിനും തെളിവ് നശിപ്പിക്കലിനുമായി എട്ട് വർഷം അധിക തടവും കോടതി ശിക്ഷ വിധിച്ചു.

RNU TVPM

************************

## മുഖ്യമന്ത്രി

കോഴിക്കോട് കനാൽ സിറ്റി പദ്ധതി നിർമാണം അടുത്ത വർഷം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാറിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് നടന്ന ജില്ലാതല യോഗത്തിൽ ചോദ്യങ്ങൾക്ക് മറുപടി നൽകുകയായിരുന്നു മുഖ്യമന്ത്രി. 14 മീറ്റർ വീതിയിൽ നിർമിക്കുന്ന കനാൽ സിറ്റിക്കായി പത്തേക്കർ ഭൂമി ഏറ്റെടുക്കും. 1,118 കോടി രൂപ ചെലവഴിച്ച് നടപ്പാക്കുന്ന പദ്ധതി മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ബേപ്പൂർ തുറമുഖത്തിന്റെ വികസനവും സർക്കാറിന്റെ പരിഗണനയിലു ണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.

************************

## എം ബി രാജേഷ്

അതി ദരിദ്രർ ഇല്ലാത്ത, മാലിന്യമുക്തമായ സംസ്ഥാനമായി കേരളം മാറുകയാണെന്ന് മന്ത്രി എംബി രാജേഷ്. ജനങ്ങൾക്ക്

ലഭ്യമായ നേട്ടങ്ങൾ ആഘോഷിച്ചു കൊണ്ടാണ് സംസ്ഥാന സർക്കാർ നാലാം വാർഷികം

ആഘോഷിക്കുന്നതെന്നും മന്ത്രി കണ്ണൂരിൽ പറഞ്ഞു. ലൈഫ് മിഷൻ പദ്ധതിയിലും പ്രധാനമന്ത്രി ആവാസ് യോജനയിലും മികച്ച പ്രവർത്തനം കാഴ്ച്ചവെച്ച തദ്ദേശസ്ഥാപനങ്ങളെയും പദ്ധതിക്കായി ഭൂമി സൗജന്യമായി

നൽകിയവരെയും ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

************************

## വീണാ ജോർജ്

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ രണ്ട് ദിവസം പ്രത്യേക കാൻസർ സ്ക്രീനിംഗ് ക്ലിനിക് പ്രവർത്തിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കാൻസർ പ്രതിരോധത്തിനും ബോധവൽകരണത്തിനും ചികിത്സയ്ക്കുമായി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ജനകീയ കാൻസർ ക്യാമ്പയിൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണിത്. പുരുഷന്മാർക്കും സ്ക്രീനിംഗ് സംവിധാനം ഉണ്ടായിരിക്കും. എല്ലാവരും സ്ക്രീനിംഗിൽ പങ്കെടുത്ത് കാൻസർ ഇല്ലായെന്ന് ഉറപ്പാക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. ബിപിഎൽ വിഭാഗക്കാർക്ക് പൂർണമായും സൗജന്യമായിട്ടാണ് പരിശോധന. എപിഎൽ വിഭാഗക്കാർക്ക് മിതമായ നിരക്കിലാണ് പരിശോധനാ സൗകര്യം ഒരുക്കിയിരിക്കുന്നത്.

RNU TVPM

************************

## മന്ത്രി വി ശിവൻകുട്ടി

അഭിരുചിക്കും താൽപര്യത്തിനും ഇണങ്ങുന്ന തുടർപഠന മേഖലകൾ തിരഞ്ഞെടുക്കുന്നതിനുള്ള അവസരമാണ് ഫോക്കസ് പോയിന്റ് ഓറിയന്റേഷൻ പ്രോഗ്രാമെന്ന് മന്ത്രി വി ശിവൻകുട്ടി. ദിശ കരിയർ പ്ലസ് വൺ ഫോക്കസ് പോയിന്റിന്റെയും അധ്യാപക സംഗമത്തിന്റെയും സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ മുഴുവൻ ഹയർ സെക്കന്ററി സ്കൂളുകളിലും

പത്താംക്ലാസ് പാസായ വിദ്യാർത്ഥികൾക്കുള്ള ഓറിയൻറേഷൻ പ്രോഗ്രാമാണ് ഫോക്കസ് പോയിന്റ്. വിദ്യാർത്ഥികളെ സഹായിക്കുന്നതിന് എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും പരിശീലനം ലഭിച്ച ഒരു അധ്യാപകൻ കരിയർ ഗൈഡായി പ്രവർത്തിക്കും.

************************

## ശബരിമല

ഇടവമാസ പൂജയ്ക്കായി ശബരിമല ക്ഷേത്രനട നാളെ വൈകുന്നേരം നാലിന് തുറക്കും. നാളെ പൂജകളൊന്നും തന്നെ ഉണ്ടായിരിക്കില്ല. 19-നാണ് പൂജകൾ പൂർത്തിയാക്കി നടയടയ്ക്കുക. രാഷ്ട്രപതിയുടെ സന്ദർശനം ഒഴിവാക്കിയതിനാൽ 18നും 19നും തീർഥാടകർക്ക് വെർച്വൽ ക്യു ബുക്കിങ് അനുവദിച്ചിട്ടുണ്ട്.

************************

## വിഴിഞ്ഞം മിഷേൽ (ഇൻട്രോ)

ലോകത്തിലെ ഏറ്റവും വലിയ ചരക്കുകപ്പൽ ശ്യംഖല എംഎസ് സി ഐറിന ക്ലാസ്സിലെ രണ്ടാമത്തെ കപ്പൽ എംഎസ് സി മിഷേൽ കപ്പെല്ലിനി വിഴിഞ്ഞത്ത് നങ്കൂരമിട്ടു. ഇന്നലെ വൈകുന്നേരത്തോടെയാണ് കപ്പൽ വിഴിഞ്ഞം തീരത്ത് എത്തിയത്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.
(വോയ്സ്)

RNU TVM

************************

## ഡിഫെൻസ് വോളന്റിയർ

അടിയന്തിര ഘട്ടങ്ങളിൽ സർക്കാർ ഏജൻസികളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ സഹായിക്കാൻ രാജ്യവ്യാപകമായി മേരാ യുവ ഭാരത് സിവിൽ ഡിഫെൻസ് വോളണ്ടിയർമാരെ തിരെഞ്ഞടുക്കുന്നു. പ്രകൃതി ദുരന്തങ്ങൾ, അപകടങ്ങൾ, അപ്രതീക്ഷിത സാഹചര്യങ്ങൾ എന്നിവ നേരിടാൻ പരിശീലനം ലഭിച്ച യുവാക്കളുടെ സന്നദ്ധ സേന രൂപീകരിക്കുകയാണ് ലക്ഷ്യം.

രക്ഷാപ്രവർത്തനം, ഒഴിപ്പിക്കൽ , പ്രഥമശുശ്രൂഷ, ആൾക്കൂട്ട നിയന്ത്രണം, പൊതു സുരക്ഷ എന്നിവയിൽ ഉൾപ്പെടെ ദേശീയ, സംസ്ഥാന ദുരന്ത നിവാരണ ഏജൻസികളുമായി ചേർന്ന് വോളണ്ടിയർമാർക്ക് ഒരാഴ്ചത്തെ പരിശീലനം നൽകും. മൈ ഭാരത് പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

************************

## തുരിയം സംഗീതോത്സവം (ഇൻട്രോ)

111 ദിവസം നീണ്ടുനിൽക്കുന്ന തുരിയം സംഗീതോത്സവം ഇന്നേക്ക് 50 ദിവസം പൂർത്തിയാക്കുന്നു. പോത്താങ്കണ്ടം ആനന്ദ ഭവനത്തിന്റെ നേതൃത്വത്തിൽ പയ്യന്നൂർ ശ്രീ പ്രഭാ ഓഡിറ്റോറിയത്തിലാണ് സംഗീതോത്സവം നടക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

**(വോയ്സ്)**

************************

## കാലാവസ്ഥ

ആൻഡമാൻ നിക്കോബാർ ദ്വീപിൻറെ ചില മേഖലകളിൽ ഇന്ന് കാലവർഷം എത്തിച്ചേർന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തെക്കൻ അറബിക്കടൽ, മാലിദ്വീപ് മേഖലകളിലും അടുത്ത നാല് ദിവസത്തിനകം കാലവർഷം വ്യാപിക്കും. കേരളത്തിൽ കാലവർഷം ഈ മാസം 27-ഓടെ എത്തുമെന്നും കാലാവസ്ഥാ വിഭാഗം വ്യക്തമാക്കി. സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. പത്തനംതിട്ട, എറണാകുളം, ഇടുക്കി, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

************************

RNUTVPM

## മഴ-കോഴിക്കോട്

കോഴിക്കോട് ജില്ലയിൽ മലയോരത്ത് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇന്ന് ശക്തമായ മഴ അനുഭവപ്പെട്ടു . കോടഞ്ചേരി നാരങ്ങാത്തോടിന് സമീപം കുടുങ്ങിയ വിനോദ സഞ്ചാരികളായ 3 പേരെ ഫയർ ഫോഴ്സ് രക്ഷപ്പെടുത്തി.

***********************

## യാത്ര നിരോധനം നീക്കി

കരിങ്കല്ല് റോഡിലേക്ക് പതിച്ചതിനെ തുടർന്ന് യാത്രാ നിരോധനം ഏർപ്പെടുത്തിയ മൂന്നാർ ഗ്യാപ്പ് റോഡിൽ ഗതാഗതം പുന:സ്ഥാപിച്ചു. റോഡിലേക്ക് വീണ കല്ലും മണ്ണും നീക്കുകയും മഴ മാറി നിൽക്കുന്ന സാഹചര്യത്തിലുമാണ് ഗതാഗതം പുന:സ്ഥാപിക്കാൻ ഇടുക്കി ജില്ലാ കളക്ടർ ഉത്തരവിട്ടത്. പ്രതികൂല കാലാവസ്ഥയിൽ കൂടുതൽ കല്ലുകൾ താഴേക്ക് പതിക്കാനുള്ള സാധ്യത കണക്കിലെടുത്താണ് നേരത്തെ ഇതുവഴിയുള്ള ഗതാഗതം നിരോധിച്ചത്.

***********************

## ഐപിഎൽ

ഇന്ത്യ- പാക് സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ നിർത്തിവച്ച ഐപിഎൽ മത്സരങ്ങൾ ഈ മാസം 17 മുതൽ പുനരാരംഭിക്കുമെന്ന് ബിസിസിഐ. 17ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും. എന്നാൽ മൊഹാലിയിലും ധരംശാലയിലും മത്സരം ഉണ്ടായിരിക്കില്ല.

***********************

***********

****

RNUTVPM